വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാദമിയുടെ കീഴിൽ (കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ) വടകരയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ഈ വർഷം ആരംഭിച്ചു പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) സഹകരണ അക്കാഡമിയുടെ കീഴിൽ തുടർന്നുള്ള വർഷങ്ങളിൽ ചില എഞ്ചിനീയറിംഗ് കോളേജുകൾ കൂടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ആന്റ് (ഡി) സംസ്ഥാനത്ത് സഹകരണ മേഖലയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ സംസ്ഥാനത്ത് സഹകരണ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കുന്നതു ഏറ്റവും ഉചിതമായ ഒരു പദ്ധതിയായി കാണുകയുണ്ടായി. തൊഴിലധിഷ്ഠിത കോഴ്സുകളുടെ പഠനത്തിന് ഇവിടെ ഇപ്പോഴുള്ള സ്ഥാപനങ്ങളുടെ എണ്ണം വളരെ പരിമിതമാണ്. പഠന സൗകര്യത്തിനായി ഭൂരിപക്ഷ വിദ്യാർത്ഥികളും മറ്റു സംസ്ഥാനങ്ങളിലെ സ്വാശ്രയ സ്ഥാപനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ഈ അവസ്ഥയ്ക്ക് ഒരു പരിഹാരം അനിവാര്യമാണെന്നു കണ്ടതു കൊണ്ടാണ് വിശദമായ പഠനത്തിനുശേഷം സംസ്ഥാനത്ത് സഹകരണ മേഖലയിൽ കൂടുതൽ എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചത്. സർക്കാരിന്റെ സാമ്പത്തിക പരിമിതി കണക്കിലെടുത്താണ് സഹകരണ മേഖലയിൽ സ്ഥാപനങ്ങൾ തുടങ്ങുക എന്ന നയം സർക്കാർ കൈക്കൊണ്ടിരിക്കുന്നത്. എല്ലാ സീറ്റുകളിലെയും അഡ്മിഷൻ എൻട്രൻസ് പരീക്ഷയിലെ റാങ്ക് അടിസ്ഥാനത്തിൽ മാത്രമാണ്. കൂടാതെ സർക്കാർ നിയമമനുസരിച്ചുള്ള സംവരണം പാലിക്കുന്നുമുണ്ട്. ഉയർന്ന ഫീസും ഡെപ്പോസിറ്റും ഉൾപ്പെടുന്ന പേമെന്റ് സീറ്റുകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ബുദ്ധുമുട്ട് ഒഴിവാക്കുന്നതിന് അവർക്ക് ആവശ്യമായ തുക സഹകരണ ബാങ്ക് വഴി വായ്പ കൊടുക്കുന്നതിന് ഉള്ള സൗകര്യം തരപ്പെടുത്തിയിട്ടുണ്ട്. ഈ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് നീതി പൂർവ്വമായ രീതിയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യം ഒരുക്കുക എന്നതാണ് സഹകരണ അക്കാഡമിയുടെ കീഴിൽ പുതിയ സ്ഥാപനങ്ങൾ തുടങ്ങുക എന്നതുകൊണ്ട് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) സഹകരണ അക്കാഡമിയുടെ കീഴിൽ നിലവിലുള്ളതിനേക്കാൾ കൂടുതൽ ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ ഉൾപ്പെടുന്ന തൊഴിലധിഷ്ഠിത കോഴ്സുകളും മെഡിസിൻ, മാനേജ്മെന്റ് പാരാമെഡിക്കൽ തുടങ്ങിയ മേഖലകളിലും കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

കർഷക തൊഴിലാളികളുടെ പ്രശ്നങ്ങൾ

18 (*48) ശ്രീ. എ. കണാരൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവുംതൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ കർഷക തൊഴിലാളികളെ സംബന്ധിച്ച പൊതു പ്രശ്നങ്ങളെ പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) കർഷക തൊഴിലാളി ക്ഷേമനിധി ഓഫീസിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ക്ഷേമനിധി ഓഫീസിൽ വേണ്ടത്ര സ്ഥിരം ജീവനക്കാർ ഇല്ലാത്തതിനാൽ ആനുകൂല്യങ്ങൾ യഥാസമയം കൊടുത്തു തീർക്കാൻ സാധിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ .

(ഡി) ക്ഷേമനിധിയിലേക്കുള്ള തൊഴിലാളികളുടെ വിഹിതം പിരിച്ചെടുക്കുന്നതിന് നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്താൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഇതിനായി എന്ത് പുതിയ സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഇ) സംസ്ഥാനത്ത് കർഷക തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) കർഷക തൊഴിലാളി പെൻഷൻ പ്രായ പരിധിയിൽ ഇളവ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഇല്ല.

(ബി) ഉണ്ട്. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വിലയിരുത്താറുണ്ട്.

(സി) ഉണ്ട്. കൂടിശ്ശികയുള്ള ജോലികൾ ചെയ്തു തീർക്കുന്നതിനായി ബോർഡിന്റെ 14 ഡിവിഷണൽ ഓഫീസുകളിലായി 30 എൽ.ഡി.ക്ലാർക്കുമാരെ ദിവസവേതനാടിസ്ഥാനത്തിൽ 6 മാസത്തേക്ക് നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടുതൽ തസ്തികകൾ സൃഷ്ടിച്ചു സ്ഥിരം ജീവനക്കാരെ നിയമിക്കണമെന്ന കർഷക തൊഴിലാളിക്ഷേമനിധി ബോർഡിന്റെ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) കേരള കർഷക തൊഴിലാളി ക്ഷേമനിധി സ്കീമിലെ വ്യവസ്ഥ പ്രകാരം തൊഴിലാളി വിഹിതം അടക്കേണ്ടത് ജില്ലാ സഹകരണ ബാങ്കുകളിലോ അവയുടെ ശാഖകളിലോ അല്ലെങ്കിൽ ബന്ധപ്പെട്ട ക്ഷേമനിധി ഓഫീസികളിലോ ആണ്. എന്നാൽ ജില്ലാ സഹകരണ ബാങ്കുകൾ തൊഴിലാളി വിഹിതം സ്വീകരിക്കുവാൻ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ വെൽഫയർ ഫണ്ട് ആഫീസർമാർ വില്ലേജുതല സിറ്റിംഗുകൾ നടത്തിയും ജില്ലാ ഓഫീസുകളിൽ നേരിട്ടും തൊഴിലാളികളിൽ നിന്നും വിഹിതം ശേഖരിച്ചു വരുന്നു. 15 ലക്ഷത്തിൽപരം തൊഴിലാളികളുടെ വിഹിതം ശേഖരിക്കുന്നതിന് ജില്ലാ സഹകരണ ബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ എന്നിവരുമായി ചർച്ച നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല.

(എഫ്) ഉണ്ട്.തീരുമാനമൊന്നും ആയിട്ടില്ല.

വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരണം

19 (*49) ശ്രീ. എം. മുരളി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) 1998-ലെ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ആക്ട് പ്രകാരം കമ്മീഷൻ രൂപീകരിക്കാതിരിക്കാൻ സംസ്ഥാനങ്ങൾക്ക് അവകാശമുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ കാല താമസമുണ്ടായതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) 1989-ലെ ആക്ട് നിലവിൽ വന്നശേഷം നടത്തുന്ന താരിഫ് വർദ്ധന അതോറിറ്റിയുടെ പരിശോധനയ്ക്ക് ശേഷമായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ;

(ഇ) താരിഫ് ഘടനയിലെ അപാകതകൾ പരിശോധിച്ച് പരിഹരിക്കാൻ അതോറിറ്റിയ്ക്ക് ആക്ട് അധികാരം നൽകുന്നുണ്ടോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. എസ്. ശർമ്മ) ;

(എ,ബി,സി,ഡി&ഇ) കേരളത്തിൽ വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി

20 (*50) ശ്രീ. പി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) അസംഘടിത തൊഴിലാളികൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പുതിയ സഹസ്രാബ്ദത്തിലെ ആദ്യ മെയ്ദിനം തൊഴിലാളി പങ്കാളിത്തത്തോടെ വിപുലമായി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly